(എ) സംസ്ഥാനത്ത് യുവജനനയം പ്രഖ്യാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി എന്താണെന്നും നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ലക്ഷ്യമിട്ടിരുന്ന കേരളോൽസവം പരിപാടികളുടെ പുരോഗതി എന്താണെന്നും സംസ്ഥാനതല ഉൽസവം എന്ന് സംഘടിപ്പിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി(ശ്രീ. കെ. രാധാകൃഷ്ണൻ)

(എ) ദേശീയ യുവജനനയത്തിനനുസൃതമായി സംസ്ഥാന യുവജനനയം രൂപപ്പെടുത്തുന്നതിനും കേരളത്തിൽ നിലവിലുള്ള യുവജനക്ഷേമ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും യുവജനങ്ങൾക്ക് സ്വയംതൊഴിൽ പരിശീലന പദ്ധതികളുടെ വിശദാംശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി വിവിധ രാഷ്ട്രീയ സാംസ്ക്കാരിക യുവജന സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ച് 17.10.98, 18.10.98 എന്നീ തീയതികളിൽ എറണാകുളത്തു വച്ചും, 24.10.98, 25.10.98 എന്നീ തീയതികളിൽ കോഴിക്കോട് വച്ചും രണ്ടു ശിൽപ്പശാലകൾ സംഘടിപ്പിച്ചു. ഈ ചർച്ചയിൽ ഉരുത്തിരിഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ യുവജനനയത്തിന്റെ കരട് രേഖ തയ്യാറാക്കിയിട്ടുണ്ട്.

കൂടാതെ യുവജന കാര്യങ്ങളെക്കുറിച്ച് പഠിച്ചു റിപ്പോർട്ട് സമർപ്പിക്കുവാൻ എം.എൽ.എ മാർ ഉൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുകയും ചെയ്തു. ഈ സമിതിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ പഠിച്ചു സമഗ്രമായ യുവജനനയം എത്രയും പെട്ടെന്ന് പ്രഖ്യാപിക്കുന്നതാണ്.

(ബി) 1999 കേരളോൽസവം പുനരാവിഷ്ക്കരിച്ചതിന്റെ ഭാഗമായി കൂടുതൽ തുക അനുവദിച്ച് പല പുതുമകളോടു കൂടിയാണ് വിവിധ തലങ്ങളിലുള്ള മേളകൾ സംഘടിപ്പിച്ചിട്ടുള്ളത്. ഈ വർഷം ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിലുള്ള മൽസരങ്ങൾ സമയബന്ധിതമായി തന്നെ നടത്താൻ കഴിഞ്ഞു. കൂടാതെ ഈ വർഷം മുതൽ ജില്ലാ/സംസ്ഥാന മൽസരവിജയികൾക്ക് പ്രൈസ്മണി ഏർപ്പെടുത്തി. ജില്ലാതലമൽസര വിജയികൾക്ക് 100 രൂപ മുതൽ 500 രൂപ വരെയും സംസ്ഥാനതല വിജയികൾക്ക് 1500 രൂപ മുതൽ 3000 രൂപ വരെയും പ്രൈസ്മണി ലഭിക്കും

ഈ വർഷത്തെ സംസ്ഥാന കേരളോൽസവം 2000 ജനുവരി 2 മുതൽ 5 വരെ തീയതികളിൽ എറണാകുളത്ത് വിവിധ വേദികളിൽ നടത്തുന്നതാണ്.

18 (*48) ആദിവാസികളെ ബോധവൽക്കരിക്കുന്നതിന് പദ്ധതി

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പെർക്കളം അബ്ദുള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിലെ അജ്ഞതയും അന്ധവിശ്വാസവും അകറ്റുന്നതിനും അവർക്കിടയിൽ അറിവിന്റെ പ്രകാശം പരത്തുന്നതിനുമായി സർക്കാർ എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവരുടെ അജ്ഞത മുതലെടുത്ത് പുറമേനിന്നുള്ളവർ ആദിവാസി സ്ത്രീകളെ വഞ്ചിതരാക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാൻ ബോധവത്ക്കരണ പരിപാടികൾ തുടങ്ങിയിട്ടുണ്ടോ;

(സി) എങ്കിൽ ബോധവത്ക്കരണ പ്രവർത്തനം എല്ലാ ആദിവാസി കോളനികളിലേക്കും വ്യാപിപ്പിക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഉണ്ട്.

(സി) വ്യാപിപ്പിക്കുന്നതാണ്.

19 (*49) വൈദ്യുതി ഉപഭോക്താക്കളുടെ സെക്യൂരിറ്റി തുക

ശ്രീ. എ.കെ. മണി :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ മുൻപ് വൈദ്യുതി കണക്ഷൻ എടുത്ത ഉപഭോക്താക്കളിൽ നിന്ന് പുതിയ നിരക്ക് കണക്കാക്കി സെക്യൂരിറ്റി തുക വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഭാവിയിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുമ്പോൾ ഇപ്രകാരം സെക്യൂരിറ്റി തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) വളരെ മുൻപ് വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ളവരെ സംബന്ധിക്കുന്നിടത്തോളം എത്ര തവണ നിരക്ക് വർദ്ധനവ് കൊണ്ടാണ് ഇപ്പോഴത്തെ നിരക്കിലെത്തിയിട്ടുള്ളത് എന്നത് കണക്കിലെടുത്ത് അത്രയും തവണയായി പുതിയ നിരക്കിലുള്ള സെക്യൂരിറ്റി അടയ്ക്കുവാൻ അവരെ അനുവദിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്.ശർമ്മ):

(എ)&(ബി) നിലവിലുള്ള നിയമപ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കേണ്ട അപേക്ഷകൻ അയാളുടെ സർവ്വീസ് കണക്ഷനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചു കഴിഞ്ഞാൽ സെക്യൂരിറ്റി തുക ബോർഡിൽ അടയ്ക്കേണ്ടതുണ്ട്. എച്ച്.ടി. ഇ.എച്ച്.ടി ഉപഭോക്താക്കൾക്ക് അവരുടെ രണ്ടു മാസത്തെ വൈദ്യുതി ചാർജും, മറ്റു ഉപഭോക്താക്കൾക്ക് അവരുടെ മൂന്ന് മാസത്തെ വൈദ്യുതി ചാർജും ഏകദേശം കണക്കാക്കിയാണ് സെക്യൂരിറ്റി തുകയായി അടയ്ക്കേണ്ടത്. എന്നാൽ ഉപഭോക്താക്കളുടെ കണക്ടഡ് ലോഡിൽ ഭാവിയിൽ വർദ്ധനവുണ്ടാകുകയോ, അല്ലെങ്കിൽ താരീഫ് നിരക്ക് പരിഷ്ക്കരിക്കുകയോ ചെയ്യുന്ന അവസരത്തിൽ ഉപഭോക്താക്കളുടെ പ്രതിമാസ വൈദ്യുതി ചാർജിലും വർദ്ധ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly